രജത ജൂബിലി നിറവിൽ ചേവരമ്പലം സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

ദൈവാനുഗ്രഹത്തിന്റെ 25 വർഷങ്ങൾ

ചേവരമ്പലം പ്രദേശത്ത്, അറിവിന്റെ വെളിച്ചം പകരാൻ ഒരു സ്കൂൾ ആരംഭിക്കുവാൻ കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന ദിവംഗതനായ അഭിവന്ദ്യ കുര്യാക്കോസ് കുന്നശ്ശേരിൽ പിതാവ് ആഗ്രഹിച്ചു. ഇതി നായി കോട്ടയം അതിരൂപതയിലെ സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ ഒരു ശാഖാ ഭവനം ചേവരമ്പലത്ത് തുടങ്ങുവാൻ അദ്ദേഹം അനുമതി നൽകുകയും 1994 ഫെബ്രുവരി ഒന്നിന് സിസ്റ്റേഴ്സ് ഇവിടെ ഭവനം ആരംഭിക്കുകയും ചെയ്തു. അതിരൂപതയുടെ കണ്ണൂർ റീജിയന്റെ ഉത്തരവാദിത്വത്തിൽ ഇവിടെ 59 സെന്റ് സ്ഥലം വാങ്ങി. അവിടെ നിർമിച്ച രണ്ടു ക്ലാസ് മുറികളിൽ 1996 ജൂലൈ മാസത്തിൽ 50 കുട്ടികൾ, അദ്ധ്യാപകരായ രണ്ട് സിസ്റ്റേഴ്സ്, ഒരു ആയ എന്നിവരോടുകൂടി പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ നഴ്സറി സ്കൂൾ ആരംഭിച്ചു. സ്കൂളിനായുള്ള ഒരു കെട്ടിടം രൂപതയിൽ നിന്നും പണികഴിപ്പിച്ച് 1997 ഫെബ്രുവരി രണ്ടിന് ആശീർവദിച്ചു. ഇതിന്റെ മാനേജ്മെന്റ് കോട്ടയം രൂപത തന്നെയായിരുന്നു. രണ്ടായിരമാണ്ടിൽ, സ്കൂളിന്റെ പൂർണ ഉത്തരവാദിത്വവും മാനേജ്മെന്റും സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ സുപ്പീരിയർ ജനറൽ പ്രസിഡന്റ് ആയിട്ടുള്ള സെന്റ് ജോസഫ്സ് എഡ്യുക്കേഷനൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ഏറ്റെടുത്തു. ICSE സിലബസിലുള്ള സ്കൂളിന് 2002 ജൂലൈ മാസത്തിൽ ഗവൺമെന്റിൽ നിന്ന് NOC യും 2005 ൽ CISCE യിൽ നിന്ന് താൽക്കാലികമായ അഫിലിയേഷനും ലഭിച്ചു. 2005 ഓടെ കുറച്ചു സ്ഥലവുംകൂടി വാങ്ങി മൂന്നു നില കെട്ടിടം പൂർത്തീകരിച്ചു. കുട്ടികളുടെ എണ്ണം വർധിച്ചതോടെ 2011 നവംബറിൽ എല്ലാ വിധ ആധുനിക സംവിധാനങ്ങളോടുകൂടിയ പുതിയ ബിൽഡിംഗിന്റെ ആശീർവാദ കർമ്മം നടന്നു.

2011 ജൂണിൽ സ്കൂളിൽ സ്ഥിരമായ അഫിലിയേഷനും ഹയർസെക്കന്ററി പഠനത്തിന് അംഗീകാരവും ലഭിച്ചു. സയൻസ് സ്ട്രീം, കൊമേഴ്സ് സ്ട്രീം എന്നിവയാണ് ഹയർ സെക്കന്ററി വിഭാഗത്തിലുള്ളത്. എല്ലാവർഷവും 10,12 ക്ലാസുകളിൽ 100% വിജയം ലഭിക്കുന്നു. കലാകായിക, സ്പോർട്സ് ഇനങ്ങളിൽ കുട്ടികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് ഉതകുന്ന വിധത്തിൽ വിശാലമായ Open Stadium ഈ ജൂബിലി വർഷത്തിൽ സജ്ജീകൃതമായിട്ടുണ്ട്.

രജതജൂബിലി ആഘോഷങ്ങൾ

2021 ഫെബ്രുവരി 2ന് സെന്റ്മേരീസ് സ്കൂൾ രജതജൂബിലി വർഷത്തിലേയ്ക്ക് പ്രവേശിച്ചു. ഫെബ്രുവരി 3 -ാം തിയതി കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പിതാവ് സെന്റ് മേരീസ് പള്ളിയിൽ ദിവ്യബലി അർപ്പിച്ചു. അതിന് ശേഷം നടന്ന യോഗത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ജൂബിലി ആഘോഷത്തിന് തിരിതെളിച്ചു. ജൂബിലി ലോഗോ, ഇയർ പ്ലാൻ, Radiance - Marian Silver Reflections എന്ന പുസ്തകം ഇവയുടെ പ്രകാശനം നടത്തി.

കഴിഞ്ഞ 24 വർഷങ്ങളിലെ സ്കൂളിന്റെ പ്രവർത്തനത്തിന്റെ സംഗ്രഹമായ "മരിയൻ നൊസ്റ്റാൾജിയ" എന്ന വീഡിയോ ഡോക്യുമെന്ററി 2021 ആഗസ്റ്റ് 15ന് റിലീസ് ചെയ്തു. സെപ്റ്റംബർ 29ന് സിൽവർ ജൂബിലി മെമ്മോറിയൽ ഓപ്പൺ സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം നടന്നു. ഡിസംബർ 23ന്, 80 വയസിന് മേലുള്ള 25 Grand Parents നെ ആദരിച്ചു.

സിസ്റ്റർ ആനീസ് (പ്രിൻസിപ്പൽ)

ജൂബിലി ആഘോഷങ്ങളുടെ സമാപന പരിപാടി കോവിഡിന്റെ പശ്ചാത്തലം കണക്കിലെടുത്ത് 2022 ഫെബ്രുവരി 25,26 ദിവസങ്ങളിലായി നടത്തപ്പെട്ടു. 25-2-2022 വെള്ളിയാഴ്ച്ച വൈകുന്നേരം അഞ്ചുമണിക്ക് ആരംഭിച്ച മീറ്റിംഗിൽ കോട്ടയം അതിരൂപതാസഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവ് അദ്ധ്യക്ഷം വഹിക്കുകയും കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ റവ.സി.അനിത അനുഗ്രഹ പ്രഭാഷണം നടത്തി. ചേവരമ്പലം സെന്റ് മേരീസ് ചർച്ച് വികാരി, റവ.ഫാ.സിബിൻ കൂട്ടക്കല്ലുങ്കൽ, കോർപറേഷൻ കൗൺസിലർ ശ്രീമതി സരിത പി, പി.ടി.എ വൈസ് പ്രസിഡണ്ട് അഡ്വ. നസീമ ഷാനവാസ്, മുൻ മാനേജർ സിസ്റ്റർ ജനറ്റ്, സെന്റ് മേരീസിലെ Alumni Association പ്രസിഡണ്ട് അജയ് രത്നം എന്നിവർ ആശംസകൾ അർപ്പിച്ചു. സ്കൂൾ വൈസ് പ്രിൻസിപ്പൽ ഏവർക്കും സ്വാഗതം ആശംസിക്കുകയും ശ്രീമതി രാധാ സലൂജ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. 26/2/22 ശനിയാഴ്ച്ച വൈകുന്നേരം അഞ്ചുമണിക്ക് നടന്ന സമ്മേളനത്തിൽ സ്കൂൾ മാനേജർ സിസ്റ്റർ ലിയോ ഏവർക്കും സ്വാഗതം ആശംസിച്ചു. കോഴിക്കോട് നോർത്ത് എം.എൽ.എ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവർകൾ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ കോഴിക്കോടിന്റെ എം.പി ശ്രീ. എം.കെ.രാഘവൻ അവർകൾ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

താമരശ്ശേരി ബിഷപ്പ് അഭിവന്ദ്യ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. സെന്റ് ജോസഫ്സ് കോൺഗ്രിഗേഷനിലെ എഡ്യുക്കേഷൻ കൗൺസിലർ റവ.സി. ഷൈന, കോർപ്പറേഷൻ കൗൺസിലർ ശ്രീമതി പ്രസന്ന വി, ജനറൽ കോ-ഓർഡിനേറ്റർ റവ.ഫാ.ജേക്കബ് മൂരിക്കുന്നേൽ സി.എം.ഐ, മുൻ പ്രിൻസിപ്പൽ ഡെൻസിൽ പോപ്പൻ, പി.ടി.എ പ്രസിഡണ്ട് സോണി അലക്സ്, മുൻ മാനേജർ സിസ്റ്റർ സിബീന എന്നിവർ ആശംസകൾ അർപ്പിച്ചു. കെ.ജി കോ-ഓർഡിനേറ്റർ സുധ കരുണൻ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

പഠനത്തിലും കലാകായിക മികവിലും കഴിവു പ്രകടിപ്പിച്ച് സമ്മാനാർഹരായവർക്ക് സമ്മാനങ്ങൾ നൽകുകയും വിവിധ കലാപരിപാടികൾ നടത്തുകയും ചെയ്തു.

സെന്റ്മേരീസ് സ്കൂളിന്റെ കരുണയുടെ മുഖം

സിസ്റ്റർ ലിയോ (മാനേജർ)

സ്കൂളിൽ 2007 മുതൽ ചെയ്തുകൊണ്ടിരിക്കുന്ന "മരിയൻ സോഷ്യൽ സർവീസ് പ്രോഗ്രാം" ഓരോ വർഷവും വ്യത്യസ്തങ്ങളായ ഔട്ട്റീച്ച് പരിപാടിയുമായി കുട്ടികൾ ചുറ്റുപാടുകളിലേക്ക് കടന്നുചെല്ലുന്നു. ആറുവർഷം മുമ്പ് തുടങ്ങിയ "എന്റെ വീട് പദ്ധതി" യുടെ ഭാഗമായി രണ്ടാമത്തെ വീട് പണിതുകൊടുക്കുവാനുള്ള ശ്രമത്തിലാണ് മരിയൻ കുടുംബം.

കൂടാതെ സിൽവർ ജൂബിലി സ്മരണയ്ക്കായി മാനേജ്മെന്റിൽ നിന്നും ഏറ്റവും അർഹതപ്പെട്ട കുടുംബത്തിന് ഒരു വീടും ചേവരമ്പലം പ്രദേശത്ത് ഒരു ബസ് കാത്തിരിപ്പ് കേന്ദ്രവും നിർമ്മിക്കാനും കോഴിക്കോട് മെഡിക്കൽ കോളജ് ഹോസ്പിറ്റലിലെ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് ഒരു മാസത്തേക്ക് മാസ്ക് വിതരണം ചെയ്യാനുമുള്ള പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയിട്ടുള്ളതായി സുപ്പീരിയർ ജനറൽ സിസ്റ്റർ അനിത പ്രഖ്യാപനം ചെയ്തു.

യേശുവിന്റെസ്നേഹം പ്രവർത്തി പഥത്തിലാക്കിയ ദൈവ മനുഷ്യസ്നേഹി



സ്ഥാപക പിതാവ് ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ

യേശുക്രിസ്തുവിന്റെ കരുണാർദ്ര സ്നേഹം സ്വജീവിതത്തിൽ ഉൾക്കൊണ്ട് അത് പ്രവർത്തി പഥത്തിലാക്കിയ ദൈവ മനുഷ്യസ്നേഹിയായിരുന്നു പുണ്യശ്ലോകനായ ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ. 1871 ഒക്ടോബർ 21ന് കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമത്തിൽ ജനിച്ചു. തൃശ്ശിനാപ്പള്ളിയിൽ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൊമ്മിയച്ചൻ സെമിനാരിയിൽ ചേരുകയും 1897 ഡിസംബർ 28ന് പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. സുറിയാനി, ലത്തീൻ ഭാഷകളിൽ അഗാധമായ പാണ്ഡിത്യവും സംഗീതകലയിലുള്ള പ്രാവീണ്യവും അറിയപ്പെടുന്ന പ്രാസംഗികനും ആയിരുന്നതിനാൽ പുത്തൻപള്ളി സെമിനാരിയിൽ പ്രൊഫസറായും പിന്നീട് ഇടവക വികാരിയായും നിയമിക്കപ്പെട്ടു.

സഹജീവികളെ സ്വാർത്ഥതയില്ലാതെ ജാതിമതഭേദമെന്യേ സ്നേഹിച്ചിരുന്നതിന്റെ പരിണിതഫലമായി രൂപം കൊണ്ടതത്രേ സെന്റ് തോമസ് അസൈലവും സെന്റ് ജോസഫ്സ് കോൺഗ്രിഗേഷനും. 1943 ഡിസംബർ 4ന് ദിവംഗതനായ അദ്ദേഹം 2009 ജനുവരി 26ന് ദൈവദാസ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് സന്യാസിനി സമൂഹം (SJC)

ദരിദ്രരും അംഗവൈകല്യമുള്ളവരുമായ സ്ത്രീ ജനങ്ങളുടെ സംരക്ഷണവും ആദ്ധ്യാത്മികോന്നമനവും ലക്ഷ്യം വെച്ച് ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചന്റെ പരിശ്രമഫലമായി കോട്ടയം രൂപതയിൽ കൈപ്പുഴയിൽ 1925 മെയ് 3ന് സെന്റ് തോമസ് അസൈലം എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചു. ഈ സ്ഥാപനത്തിലെ അംഗങ്ങളുടെ സംരക്ഷണത്തിനും ആത്മീയ വളർച്ചയ്ക്കുമായി ഒരു സന്യാസിനീ സമൂഹം സ്ഥാപിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ച് അതിനായുള്ള പരിശ്രമം നടത്തി. സ്ഥാപകപിതാവിന്റെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലും സന്യാസ ജീവിതത്തിനാവശ്യമായ പ്രാഥമിക പരിശീലനം ലഭിച്ച 5 അംഗങ്ങൾ 1928 ജൂലൈ മൂന്നിന് സഭാവസ്ത്രം സ്വീകരിച്ചതോടെ സെന്റ് ജോസഫ്സ് സന്യാസിനി സമൂഹത്തിന് ആരംഭം കുറിച്ചു. ഈ സമൂഹത്തിന്റെ കാരിസം "ദൈവസ്തുതി യോഗവും ദൈവകാരുണ്യദാസ്യവു" മാണ്. സ്നേഹിക്കുക, സേവിക്കുക എന്ന ആദർശവാക്യം ഉൾക്കൊണ്ട് കേരളത്തിൽ പന്ത്രണ്ട് ജില്ലകളിലും കേരളത്തിനു വെളിയിൽ ഇന്ത്യയിൽ ബംഗളൂരു, ഡെൽഹി, ഗുജറാത്ത്, ഉജ്ജെയിനിലെ ഷാജാപ്പൂർ എന്നിവിടങ്ങളിലും ഇന്ത്യക്ക് പുറത്ത് സ്വിറ്റ്സർലണ്ട്, ജർമ്മനി, ഇറ്റലി, അമേരിക്ക എന്നിവിടങ്ങളിലും നാനൂറോളം സെന്റ് ജോസഫ്സ് സിസ്റ്റേഴ്സ് നിസ്വാർത്ഥമായ സേവനം ചെയ്തുവരുന്നു.

ആതുര ശുശ്രൂഷ: കോട്ടയം ജില്ലയിലെ മോനിപ്പള്ളിയിൽ, കോൺഗ്രിഗേഷൻ നടത്തുന്ന എം.യു.എം ഹോസ്പിറ്റലിലും കോട്ടയം അതിരൂപതയുടെ കീഴിലുള്ള കാരിത്താസ് ഹോസ്പിറ്റലിലും ഇന്ത്യക്ക് വെളിയിൽ സ്വിറ്റ്സർലണ്ട്, ജർമ്മനി എന്നിവിടങ്ങളിലും സിസ്റ്റേഴ്സ് ആതുരശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു. സെന്റ് ജോസഫ് സിസ്റ്റേഴ്സിന് നേതൃത്വത്തിൽ അവശതയനുഭവിക്കുന്ന നിരവധിയാളുകൾക്ക് ആശ്വാസമായി വിവിധ ഭവനങ്ങൾ ഉണ്ട്. വികലാംഗർക്കായുള്ള ഭവനങ്ങൾ - സെന്റ് തോമസ് അസൈലം കൈപ്പുഴ, സെന്റ് ജോസഫ് ഹോം കാപ്പിസെറ്റ്, ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ ഭവനങ്ങൾ- ജോസ്ഗിരി ഏറ്റുമാനൂർ, മരിയ ഭവൻ കീഴൂർ, സെന്റ് ജോസഫ്സ് ഭവൻ തോട്ടറ. ബുദ്ധിമാന്ദ്യംസംഭവിച്ചവർക്കുള്ള സ്കൂളുകൾ - സാൻജോസ് വിദ്യാലയ ഏറ്റുമാനൂർ, പ്രതീക്ഷാഭവൻ കണ്ണൂർ, സെന്റ് ജോസഫ്സ് സ്പെഷൽ സ്കൂൾ ചുള്ളിക്കര. ഹോസ്പീസ് - കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും ഉപേക്ഷിക്കപ്പെടുന്ന അഗതികളായ ക്യാൻസർ രോഗികളെ, ആൺപെൺ വ്യത്യാസമോ ജാതിമത വ്യത്യാസമോ ഇല്ലാതെ സൗജന്യമായി സ്വീകരിച്ച് ശുശ്രൂഷിക്കുകയും നല്ല മരണത്തിന് ഒരുക്കുകയും ചെയ്യുന്നു. എയ്ഡ്സ് രോഗികൾക്കുള്ള സ്ഥാപനവും ഇവിടെ നടത്തി അവരെ സംരക്ഷിക്കുന്നു. ഇടവക ശുശ്രൂഷയിലും ഭവന സന്ദർശനത്തിലും കൗൺസിലിംഗ് നടത്തുന്നതിലും സിസ്റ്റേഴ്സ് ശ്രദ്ധിക്കുന്നു.

വിദ്യാദാന ശുശ്രൂഷ: സെന്റ് തോമസ് അസൈലത്തിന്റെ സ്ഥാപനത്തിനു ശേഷം അംഗങ്ങളുടെ സാമ്പത്തിക ഭദ്രതയോടൊപ്പം പൊതുജനനന്മയ്ക്ക് ഉപകരിക്കുക കൂടി ചെയ്യുക എന്ന ലക്ഷ്യത്തോടെ കുറുമുള്ളൂർ കുന്നിൻ പുറത്ത് 1927 ജൂൺ 9ന് "സെന്റ് തോമസ് അസൈലം പ്രൈമറി സ്കൂൾ" ആരംഭിച്ചു. ഈ വിദ്യാദാന ശുശ്രൂഷ ഇന്ന് വിവിധ സ്കൂളുകളിൽ സിസ്റ്റേഴ്സ് തുടർന്നുപോരുന്നു. ഇതിൽ എടുത്തു പറയാവുന്ന ഒന്നാണ് ചേവരമ്പലം സെന്റ് മേരീസ് സ്കൂൾ. ബോർഡിംഗ്, ഹോസ്റ്റലുകൾ എന്നിവയും സിസ്റ്റേഴ്സിന്റെ സേവനരംഗങ്ങളാണ്. അതോടൊപ്പം തന്നെ കോൺവന്റുകൾ ഉള്ള സ്ഥലത്തെ ഇടവക പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് സജീവമായി പങ്കെടുക്കുന്നു.

സിസ്റ്റർ അനിത എസ്ജെസി (സുപ്പീരിയർ ജനറൽ)

അക്ഷരവെളിച്ചം നൽകി ഈ നാടിനെ പ്രകാശിപ്പിച്ച ചേവരമ്പലം സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ രജത ജൂബിലി നിറവിൽ ആയിരിക്കുമ്പോൾ കഴിഞ്ഞ 25 വർഷക്കാലം ഈ സ്കൂളിന്റെ നാനാമുഖമായ വളർച്ചയ്ക്ക് ദൈവം നൽകിയ അനുഗ്രഹങ്ങളെ ഓർത്ത് നന്ദി പറയുന്നു. സെന്റ് ജോസഫ് കോൺഗ്രിഗേഷന്റെ സ്ഥാപക പിതാവ് ദൈവദാസൻ പൂതത്തിൽ തൊമ്മി അച്ചൻ നാടിന്റെ സമുദ്ധാരണത്തിന് വേണ്ടി ആരംഭിച്ച വിദ്യാദാന ശുശ്രൂഷ ഈ ചേവരമ്പലത്തും തുടർന്നു കൊണ്ടുപോകുന്നു. അമ്പതു കുട്ടികളുമായി ആരംഭിച്ച ഈ സ്കൂൾ, 25 വർഷം പൂർത്തിയാകുമ്പോൾ, പടർന്നു പന്തലിച്ചു ഫലംചൂടി നിൽക്കുന്നു എന്നതിൽ ഏറെ അഭിമാനിക്കുന്നു.

ത്യാഗസന്നദ്ധതയോടെ പ്രവർത്തിക്കുന്ന സിസ്റ്റർ പ്രിൻസിപ്പലിനെയും അർപ്പണബോധത്തോടെ ഒപ്പം പ്രവർത്തിക്കുന്നമറ്റു സിസ്റ്റേഴ്സിനെയും അവരോട് സഹകരിക്കുന്ന സ്റ്റാഫ് അംഗങ്ങളെയും മാതാപിതാക്കളെയും ഏറെ സ്നേഹത്തോടെ അനുമോദിക്കുന്നു.

മാർ ജോസഫ് പണ്ടാശേരിൽ (ബിഷപ്, കോട്ടയം രൂപത)

കുറഞ്ഞ പണ ചെലവിൽ മികച്ച ഗുണനിലവാരമുള്ള നല്ല അച്ചടക്കമുള്ള ഇംഗ്ലീഷ് പരിജ്ഞാനമുള്ള നേതൃത്വമുള്ള കുട്ടികളെയാണ് നാളിതുവരെയും ഈ സ്കൂളിൽ നിന്നും വാർത്തെടുത്തുകൊണ്ടിരിക്കുന്നത്.

അറിയാൻ പഠിക്കുക, കഴിവുകൾ പുറത്തെടുത്ത് താൻ ആകാൻ പഠിക്കുക, ഒരുമയോടെ സഹവസിക്കാൻ പഠിക്കുക, പോസിറ്റിവിറ്റി തളം കെട്ടിനില്ക്കും വിധം ക്രിയാത്മകമായി ചിന്തിക്കുവാൻ പഠിക്കുക, തന്നെയും സമൂഹത്തെയും രൂപാന്തരപ്പെടുത്തുക ഈ 5 തൂണുകൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസത്തിന് മുൻഗണന നൽകുന്ന ഈ സ്കൂൾ ശൈശവകാലത്തിൽനിന്ന് കൗമാരത്തിലേക്ക് കടക്കുകയാണ്.

രജത ജൂബിലി ആഘോഷിക്കുന്ന സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് എല്ലാവിധ ആശംസകളും നേരുന്നു. ഇനിയും ഈ സ്കൂൾ ഉയർച്ചയുടെ പടവുകൾ താണ്ടട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

റെറ്റ്. റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ (ബിഷപ് കോഴിക്കോട് രൂപത)

നമ്മുടെ ഏറ്റവും പ്രിയപ്പെട്ട ചേവരമ്പലം സെന്റ് മേരീസ് ഹയർ സെക്കൻഡറി ഇംഗ്ലീഷ് മീഡിയം സ്കൂൾ രജത ജൂബിലിയുടെ നിറവിൽ ആണെന്നറിയുന്നതിൽ അതിയായസന്തോഷം ഉണ്ട്. ഈ അവസരത്തിൽ സമൂഹത്തിന്റെയും, സ്കൂളിന്റെയും വളർച്ചയ്ക്കുവേണ്ടി അക്ഷീണം പ്രയത്നിക്കുന്ന പ്രിൻസിപ്പൾ സിസ്റ്റർ ആനീസിനും മാനേജ്മെന്റിനും മറ്റു സിസ്റ്റേഴ്സിനും, അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും പിടിഎ അംഗങ്ങൾക്കും ഞാൻ എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

ക്ലാസ് മുറിയുടെ അവസാനത്തെ ബെഞ്ചുകളിൽ നിന്നും നാട്ടിലെ തിളങ്ങുന്ന മക്കളായി വാർത്തെടുക്കുവാൻ ഒരു വിദ്യാലയത്തിനു മാത്രമേ കഴിയൂ. ഈ കഴിഞ്ഞ 25 വർഷം കൊണ്ട് ഒട്ടനവധി വിദ്യാർത്ഥികളെ ജീവിതത്തിന്റെ ഉന്നതിയിലേക്ക് എത്തിക്കുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു. നിങ്ങളെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.



മാർ റെമിജിയോസ് ഇഞ്ചനാനിയിൽ (ബിഷപ്, താമരശ്ശേരി രൂപത)

കേരളത്തിൽ ഉച്ചനീചത്വങ്ങൾ അപ്രത്യക്ഷമായെങ്കിൽ ആർക്കും ഒരേ ക്ലാസിൽ, ഒരേ ബഞ്ചിൽ ഇരുന്ന് പഠിക്കാൻ സാധിക്കുന്നെങ്കിൽ നിങ്ങൾ പ്രകാശമാണ്, ഞാൻ പ്രകാശമാണ് എന്നസത്യം ഒരോരുത്തരിലേക്കും എത്തിക്കുകയാണ്.അതാണ് സെന്റ് ജോസഫ് സന്യാസിനീ സമൂഹം ഈ പ്രദേശത്ത് 25 വർഷമായി നല്കിക്കൊണ്ടിരിക്കുന്നത്. പ്രകാശം ഉള്ളവരായി മാറണം എന്ന ആഗ്രഹത്തോടെയാണ് ഈ കലാലയം ഇവിടെ സ്ഥാപിച്ചത്. അന്ധകാരം ഇല്ലാതാകണം വെറുപ്പ് ഇല്ലാതാകണം, ജാതിമത ഭേദത്തിനപ്പുറമായി പരസ്പരം സ്നേഹിക്കാൻ കഴിയണം. കോഴിക്കോടിന്റെ സാംസ്ക്കാരിക തനിമയോട് ചേർന്നു സഞ്ചരിക്കുവാൻ എസ്ജെഎസ് സിസ്റ്റേഴ്സിന് സാധിച്ചു, സെന്റ് മേരീസ് സ്കൂളിന് സാധിച്ചു എന്നത് നമുക്ക് അഭിമാനമാണ്.

ഇനിയുള്ള വർഷത്തിൽ തീഷ്ണതയോടെ പീഠത്തിൽ തെളിച്ചു വെച്ച ദീപമായി പ്രകാശിക്കുവാൻ ഇവർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ജൂബിലി ആശംസകൾ നേരുന്നു.

ശ്രീ. എം.കെ. രാഘവൻ (എംപി)

ക്രൈസ്തവ സഭ കേരളത്തിന്റെ സമസ്ത തലങ്ങളിലേയും വിജയത്തിന്റെ, പുരോഗതിയുടെ ഒരു ഘടകമായി മാറുകയാണ്. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ആരോഗ്യം എന്നിങ്ങനെ എല്ലാ രംഗത്തും ക്രൈസ്തവ സഭയുടെ സേവ നങ്ങൾ നിസ്തുലമാണ്. ഇന്ന് കേരളത്തിൽ കാണുന്ന മാറ്റത്തിന്റെ ശക്തി ക്രൈസ്തവ സഭയാണ് എന്ന് അഭിമാനത്തോടെ പറയുവാൻ എനിക്കു കഴിയും.

സെന്റ് മേരീസ് സ്കൂൾ മലബാറിൽ കോഴിക്കോടുള്ള വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വഴികാട്ടിയായ ഒരു ഗോപുരമായി മാറിയിട്ടുണ്ട്. എല്ലാവരുടെയും മനസിലുള്ള ഒരു സ്ഥാപനമാണ് സെന്റ് മേരീസ്. നിങ്ങളോട് കോഴിക്കോട് കടപ്പെട്ടിരിക്കുന്നു. അനേകായിരങ്ങൾ ഇവിടെനിന്ന് ജീവിതത്തിന്റെ വിജയങ്ങൾ കെട്ടിപ്പടുക്കട്ടെയെന്ന് ആശംസിക്കുന്നു. ജൂബിലിയുടെ മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവം നേരുന്നു.



തോട്ടത്തിൽ രവീന്ദ്രൻ (എംഎൽഎ)

നാം എല്ലാ നിലയ്ക്കും വളരെ ഉയരങ്ങളിൽ എത്തിയിട്ടുള്ള ഒരു കാലമാണെങ്കിലും മനുഷ്യൻ എന്തു ചെയ്യുന്നു എന്ന് അവനവനുതന്നെ മനസിലാകാത്ത ഒരു കാലഘട്ടമാണ് ഇത്. ഒരിക്കലും നടക്കാൻ പാടില്ലാത്ത പലതും നടന്നു കൊണ്ടിരിക്കുന്നു. ചെറിയ കുട്ടികളിൽ പോലും മയക്കുമരുന്നിന്റെ ഉപയോഗം നടക്കുന്നു. അധ്യാപകർ ഈ കാര്യത്തിൽ വളരെ ശ്രദ്ധയോടെ, കരുതലോടെ പ്രവർത്തിക്കണം.

സ്കൂളുകളിൽ നിന്നും പ്രതീക്ഷിക്കുന്നത് വിദ്യഭ്യാസം മാത്രമല്ല സമഗ്രമായ വികസനമാണ്. ഒരു കുട്ടിയുടെ എല്ലാ നിലയ്ക്കുമുള്ള ഉയർച്ചയാണ് പ്രതീക്ഷിക്കുന്നത്. ഈ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ സെന്റ് മേരീസ് സ്കൂളിന് കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനത്തോടെ ഓർക്കുന്നു. രജത ജൂബിലി ആഘോഷിക്കുന്ന സെന്റ് മേരീസ് സ്കൂളിന് എല്ലാ വിജയാശംസകളും ഭാവുകങ്ങളും നേരുന്നു.

ഡോ.ബീന ഫിലിപ്പ് (കോഴിക്കോട് മേയർ)

കുട്ടികൾ സ്വന്തം കാര്യം കഴിഞ്ഞേ മറ്റുള്ളവരുടെ കാര്യങ്ങൾ ചിന്തിക്കുകയുള്ളു. ഈ തലമുറയെ പഠിപ്പിക്കുമ്പോൾ, ഏതു വിഷയമായാലും ജീവിതവുമായി ഇണക്കുന്ന വിധം വേണം പഠിപ്പിക്കുവാൻ. കരുണ, സ്നേഹം ഒക്കെ ഓരോ വ്യക്തിയിലും ഉള്ള ഉറവാണ്. ഏതു ഉറവും ഉപയോഗിക്കാതിരുന്നാൽ വറ്റിപോകും.

പഠനത്തോടൊപ്പം സ്നേഹിക്കാനും, സ്നേഹിക്കപ്പെടാനും സഹായിക്കുവാനും മറ്റുള്ളവരുടെ ദുഃഖങ്ങളിൽ സഹതപിക്കാനും സങ്കടപ്പെടാനും ഉള്ള മനുഷ്യന്റെ നൈസർഗികമായ വാസനകളെ വറ്റിച്ചു കളയാതെ വളർത്തി കൊണ്ടു വരുവാനുള്ള കടമ അധ്യാപകർക്കും മാതാപിതാക്കൾക്കുമാണ് സെന്റ് മേരീസിന്റെ മൂല്യങ്ങൾ ജീവിതത്തിൽ പകർത്തി ഉയരങ്ങളി ലെത്തിച്ചേരാൻ ഇവിടുത്തെ വിദ്യാർഥികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ജൂബിലിയുടെ മംഗളങ്ങൾ നേരുന്നു.

സിസ്റ്റർ ഷൈന എസ്ജെസി (എഡ്യൂക്കേഷണൽ കൗൺസിലർ)

അറിവ് ലഭിച്ചിട്ടില്ലാത്തവർ എന്റെ അടുക്കൽ വരട്ടെ, അവർ എന്റെ വിദ്യാലയത്തിൽ വസിക്കട്ടെ എന്ന പ്രഭാഷക വചനത്താൽ അടിത്തറ പാകി നി